# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്, പടന്നക്കാട്, പി.ഒ

കാസറഗോഡ് ജില്ല, പിൻ: 671314, കേരളം

ഫോൺ: 91 467 2282699, 91 467 2280616, Email: coapad@kau.in


---

നമ്പർ: COAPAD/1242/2025-C1 തീയ്യതി: 15-04-2025

## ദർഘാസ് പരസ്യം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പടന്നക്കാട് കാർഷിക കോളേജ് ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് -2 (കരുവാച്ചേരി) ഭക്ഷണശാല(കാൻറീൻ) താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുന്നു. കാൻറീൻ പ്രവർത്തനത്തിന് സൗകര്യപ്രദമായ കെട്ടിടം (വൈദ്യുതി/ജല സൗകര്യം അടക്കം) ആണ് ഒരുക്കിയിരിക്കുന്നത്. അതിലേക്ക് ആവശ്യമായ ഫർണീച്ചർ, അടുക്കളയിലേക്കാവശ്യമായ ഗ്യാസ്, വിറക് അടുപ്പുകൾ, പാത്രങ്ങൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എല്ലാം കരാർ ഏറ്റെടുക്കുന്നവർ/സംഘം സ്വന്തം ചെലവിൽ ഒരുക്കേണ്ടതാണ്.

ഭക്ഷണശാലയിലൂടെ ലഭ്യമാക്കേണ്ട ഭക്ഷ്യവസ്തുക്കളുടെ പട്ടികയും (അനുബന്ധം-1), നിബന്ധനകളും (അനുബന്ധം-2) ഇതോടൊപ്പം പ്രത്യേകം അടക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത നിബന്ധനകൾക്കു വിധേയമായി കാൻറീൻ പ്രവർത്തിപ്പിക്കാൻ താൽപര്യമുള്ളവർ താഴെപ്പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയ ദർഘാസ് എഴുതി ഒപ്പിട്ട് ആവശ്യമാക്കപ്പെട്ട മറ്റ് രേഖകളോടൊപ്പം പേരും പൂർണ്ണ മേൽവിലാസവും ബന്ധപ്പെടാനുള്ള ഫോൺ നമ്പറും സഹിതം കവറിൽ അടക്കം ചെയ്ത്, സീൽ ചെയ്ത് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

1. താഴെ പറയുന്ന ഭക്ഷണസാധനങ്ങളുടെ വിലയും, അതിൽ കാർഷിക കോളേജ് ജീവനക്കാർ / വിദ്യാർത്ഥികൾ എന്നിവർക്ക് അനുവദനീയമായ ഡിസ്ക്കൗണ്ടും പ്രത്യേകം രേഖപ്പെടുത്തി ദർഘാസ് സമർപ്പിക്കേണ്ടതുമാണ്. സമർപ്പിക്കുന്ന കവറിനുപുറത്ത് **"പടന്നക്കാട് കാർഷിക കോളേജ് - കരുവാച്ചേരി (നീലേശ്വരം) അഗ്രിമ കാന്റീൻ നടത്തുന്നതിനുള്ള ദർഘാസ്"** എന്നെഴുതിയിരിക്കണം.
2. ലഭ്യമായ കെട്ടിടസൗകര്യം ഓഫീസ് സമയത്ത് പരിശോധിക്കാവുന്നതാണ്.
3. ദർഘാസ് നിരസിക്കുവാനോ, നീട്ടിവെക്കാനോ ഉള്ള അവകാശം ഡീനിൽ നിക്ഷിപ്തമായിരിക്കും.

4. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന ദിവസം 22 .04 .2025 വൈകിട്ട് 11.00 മണിവരെയാണ്. അന്നുതന്നെ 11.30-ന് അവ തുറന്ന് പരിശോധിക്കുന്നതായിരിക്കും. വൈകി കിട്ടുന്നതോ അപൂർണ്ണമോ ആയ ദർഘാസുകൾ നിരസിക്കുന്നതായിരിക്കും.

5. സർക്കാർ/സർവ്വകലാശാല ദർഘാസ് നിബന്ധനകളെല്ലാം ഇതിനും ബാധകമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കേണ്ടതാണ്. (ഫോൺ: 0467 2280616/7736269462)

Signed by
T Sajitha Rani DEA
Date: 15-04-2025 11:17:03

പകർപ്പ്:

1. നോട്ടീസ് ബോർഡ് (കോളേജ്/ഫാം-1 & 2)
2. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്
3. വില്ലേജ് ഓഫീസ് (കാഞ്ഞങ്ങാട് സൗത്ത്/നീലേശ്വരം)
4. മുൻസിപ്പാലിറ്റി (കാഞ്ഞങ്ങാട്/നീലേശ്വരം)
5. ജില്ലാ കുടുംബശ്രീ ഓഫീസ് (ഇമെയിൽ മുഖാന്തിരം )
6. കെ.എ.യു വെബ്സൈറ്റ്